മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ലിസ്റ്റുണ്ട്. ഇപ്പോളായിരുന്ന അതിന്റെ ഏറ്റവും പറ്റിയ ആൾ.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: മരടി പൈപ്പിന്റെ ഒരുപ്പികവെച്ചു കൺട്രാക്ട് കൊടുത്തതിനുശേഷം അതു് നൂണക്ക് ചെയ്യാമെന്നുപറഞ്ഞു് ആരെങ്കിലും വരുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇല്ല.

## VYPEEN PALLIPURAM—SEA-EROSION

166. മിസ്റ്റർ എം. കെ. വർഗ്ഗീസ്:

(എ) വൈപ്പിൻ പള്ളിപ്പുറം കരയിൽ കടൽത്തീരത്തു് ഏതെങ്കിലും ഭാഗത്തു് കര എടുത്തുപോയിട്ടുണ്ടോ, ഏതെല്ലാം ഭാഗത്താണ്;

(ബി) ഈ കടലാക്രമണം തുടങ്ങിയതു് എന്നുമുതലാണ്. അതു തടയുവാൻ ഇതുവരെ എന്തെല്ലാം നടപടികളാണ് ഗവൺമെണ്ടു് സ്വീകരിച്ചിട്ടുള്ളതു്;

(സി) കടലാക്രമണംമൂലം പ്രതിവർഷം ഉണ്ടാകുന്ന നഷ്ടത്തെപ്പറ്റി ഗവൺമെണ്ടു് എന്തെങ്കിലും കണക്കെടുത്തിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) കുറെ കൊല്ലങ്ങളായിട്ടു വൈപ്പിന്റെ വടക്കുഭാഗം കരയെടുപ്പു് പറയത്തക്കതായി ഒന്നും ഉണ്ടായിട്ടില്ല. എന്നാൽ ഈ കൊല്ലത്തിൽ ഞാറക്കൽ, നായരമ്പലം വില്ലേജുകളിൽ കുറച്ചു കരയെടുപ്പു് ഉണ്ടായിട്ടുണ്ടു്. പള്ളിപ്പുറം വില്ലേജിന്റെ വടക്കേ അറ്റത്തു ഇക്കൊല്ലം കടൽ പൊട്ടി ഒഴുകുകയുണ്ടായി.

(ബി) ഒരുകാലത്തു ഓച്ചന്തുരുത്തിലും എടവനക്കാടും കഠിനമായി കടലെടുപ്പുണ്ടായിരുന്നു. ആ പ്രദേശങ്ങളിൽ ഒലിമുട്ടുകൾ ഇടുകയും മറ്റും ചെയ്തു ഭൂമിയെ രക്ഷിക്കുകയുണ്ടായി. ഇക്കൊല്ലം ഞാറക്കലും നായരമ്പലത്തും ഒലിമുട്ടുകൾ ഇടുവാനായി ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

(സി) ഇല്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: പള്ളിപ്പുറം വില്ലേജിലെ കടലാക്രമണം നിറുത്തുവാൻ വല്ല ഒലിമുട്ടുകളും ഇടുന്നതിനു് ആലോചനയുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇപ്പോൾ നായരമ്പലത്താണ് ഇടുന്നതു്. പള്ളിപ്പുറത്തു ഇപ്പോൾ ചെയ്യുവാൻ ആലോചനയില്ല.

മിസ്റ്റർ എം. ഐ. പോൾ: നായരമ്പലത്തിടുവാൻ തീർച്ചയാക്കീട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്.

മിസ്റ്റർ എം. ഐ. പോൾ: നായരമ്പലത്തു എത്ര മുട്ടുകളാണ് ഇടുന്നതു്.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: മൂന്നു്.

മിസ്റ്റർ പി. ടി. ജേക്കബ്: ചെല്ലാനം മുതലായ സ്ഥലത്തു ഇടുന്നുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അവിടെ ഇടുകഴിഞ്ഞു.

മിസ്റ്റർ ജി. എസ്സ്. ധാരാസിഗ്: ചെല്ലാനം കടൽതീരത്തും കടലാക്രമണം തടഞ്ഞുനിറുത്തുവാൻ ഒലിമുട്ടുകൾ ഇടുവാൻ തീരുമാനിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അവിടെ ഗ്രോയിൻസ് ഇടുവാനാണ് തീർച്ചയാക്കിയിരിക്കുന്നതു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ഗ്രോയിൻസ് മാത്രമാണോ ഇടുവാൻ തീർച്ചയാക്കീട്ടുള്ളതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതെ.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ഒലിമുട്ടുകൾ ഇട്ടുകൊണ്ടു് കടലാക്രമണത്തെ തടുക്കുവാൻ സാധിക്കുമെന്നു ഗവൺമെണ്ടിനറിയാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: നായരമ്പലത്തു അതുപോലെയാണ് ഇടുന്നതു്.

**Mr. L. M. Pylee** *(Latin-Christians Ernakulam)*: Are these groynes parallel to the shore or at right angles?

LIBRARY ARCHIVES Kerala Legislative Assembly

**Mr. V. K. Aravindaksha Menon** *(Chief Engineer):* Fairly parallel.

**Mr. L. M. Pylee** *(Latin-Christians Ernakulam):* Is it not necessary that these groynes are put at right angles to the shore?

**Mr. V. K. Aravindaksha Menon** *(Chief Engineer):* It has been definitely established that the erosion on the sea shore is caused by wave action and not by currents. If groynes are placed at right angles to the shore the wave action will still continue and there will be no protection to the other side of the shore.

മിസ്റ്റർ പി. നാരായണമേനോൻ: പള്ളിപ്പുറത്തു കടൽ പൊട്ടി ഒഴുകി കായലിനേറയും കരയുടേയും മദ്ധ്യയുള്ള കര വെള്ളത്തിലായിട്ടില്ലേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്.

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെ ഒഴുകുവാൻ അനുവദിക്കുകയാണെങ്കിൽ കടലും കരയും ഒന്നാകുകയില്ലേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അങ്ങിനെ ഒഴുകുകയാണെങ്കിൽ അതു് ശരിയാണ്. ഇപ്പോൾ മുഴുവനും പൊട്ടിയിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: എത്ര അടിയോളം പൊട്ടിയിട്ടുണ്ട്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ൩ 0 അടിയോളം പൊട്ടിയിട്ടുണ്ടു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: കടൽതിരമാലകൾ നേരെ കരക്കു വന്നടിച്ചു നേരെ പുറകോട്ടു വലിഞ്ഞുപോകുമോ അതൊ നേരെ വന്നടിച്ചു വളഞ്ഞു തിരിഞ്ഞു മറിഞ്ഞു പോകുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതു് ഓരോ ദിക്കിൽ ഓരോ മാതിരിയായിരിക്കും.

മിസ്റ്റർ പി. ടി. ജേക്കബ്: ഈ പ്രദേശത്തു കടലിലേക്കു പാരലലായി കെട്ടിയാൽ കുറച്ചു മെച്ചമുണ്ടോ; അതിന്റെ ഫലമായിട്ടല്ലെ അവിടെ മണൽ അധികം വന്നടിഞ്ഞു കരവെച്ചിട്ടുള്ളതെന്നറിയാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: പാരലലായിട്ടുള്ള സ്ഥലത്തു കരവെച്ചിട്ടില്ല.

മിസ്റ്റർ പി. ടി. ജേക്കബ്: ഇക്കൊല്ലത്തിൽ ചെല്ലാനം പ്രദേശത്തു കൂടുതൽ ഇട്ടുവാൻ തീച്ചുമാക്കീട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒക്ടോബറായിട്ടു ഇട്ടാൽ അതു് കടലെടുത്തു പോകുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതു് ഗ്യാരന്റി ഒന്നും അല്ല.

## TAPIOCA CULTIVATION

**167.** മിസ്റ്റർ പി. മാണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടിൽനിന്നു ദയവായി മറുപടി പറയുമോ.—

(എ) ഈ രാജ്യത്തു കൊള്ളികൃഷി വളരെ അധികമായി വ്യാപിച്ചുവരുന്നുണ്ടെന്ന വിവരം ഗവൺമെണ്ടിലേക്കു അറിയുമോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തു;

(സി) ഇന്നു കൊള്ളിക്കിഴങ്ങിനു റാത്തൽ ക-ക്കു എന്തു വിലയുണ്ടു,

(ഡി) മുൻ രണ്ടുകൊല്ലങ്ങളിൽ എന്തു വിലയുണ്ടായിരുന്നു;

(ഇ) ഈ വിലക്കു വില്ക്കുന്നതായിരുന്നാൽ ഈ കൃഷിയിൽ കർഷകനു എന്തെങ്കിലും ആദായം സിദ്ധിക്കുമോ?

റാവു സാഹിബ് എം. എം. പോൾ:

(എ) ക ക ക വ, ക ക ക ൻ എന്നീ കൊല്ലങ്ങളെ അപേക്ഷിച്ചു, ക ക ട ൦-ൽ കൊള്ളി കൃഷി കുറഞ്ഞിട്ടുണ്ടാവാം.



LIBRARY ARCHIVES Kerala Legislative Assembly